**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 150** **13-02-2025 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | (എ) | 2000-ലെ കേരള സ്പോർട്സ് ആക്ട് പ്രകാരം രൂപീകരിച്ച ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ. സംസ്ഥാനത്ത് സ്പോർട്സ് പ്രോൽസാഹിപ്പിയ്ക്കുന്നതിനും, കായിക ക്ഷമത വർദ്ധിപ്പിയ്ക്കുന്നതിനും, എല്ലാവർക്കും ആരോഗ്യം എന്ന ആശയം പ്രചരിപ്പിക്കുന്നതിനും, സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും, പഞ്ചായത്ത് തലത്തിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിയ്ക്കുന്നതിനും 2000 ലെ കേരള സ്പോർട്സ് ആക്ടിൽ സർക്കാർ വിഭാവനം ചെയ്തിരുന്നു. 2000 ലെ കേരള സ്പോർട്സ് ആക്ട് പ്രകാരം സംസ്ഥാന സ്പോർട്സ് കൗൺസിലും, 14 ജില്ലാ സ്പോർട്സ് കൗൺസിലുകളും നിലവിൽ വരുകയുണ്ടായി. നിലവിൽ തദ്ദേശസ്വയംഭരണ തലത്തിലുള്ള ഗ്രാമ പഞ്ചായത്തുകളിലും, മുൻസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും സ്പോർട്സ് കൗൺസിലുകൾ രൂപികരിച്ചിട്ടുണ്ട്. 14 ജില്ലാ സ്പോർട്സ് കൗൺസിലുകളും പ്രവർത്തിക്കുന്നത് കേരള സ്റ്റേറ്റ് സ്പോർട്സ് കൺസിലിന് കീഴിലാണ്.<br><br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.<br><br>1)സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് അംഗീകാരം നൽകുക.<br><br>2) സംസ്ഥാന സ്പോർട്സ് കൗൺസിൽ ഗ്രാന്റ് ഇൻ എയ്ഡ് നിയമപ്രകാരം സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിയ്ക്കുന്നതിനും, ദേശീയ/ മേഖല മൽസരങ്ങൾക്ക് മുന്നോടിയായി നടക്കുന്ന പരിശീലന ക്യാമ്പിനും, മൽസരങ്ങളിൽ പങ്കെടുക്കുന്നതിനും മറ്റുമായി സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് ഗ്രാന്റ് അനുവദിക്കുക.<br><br>3) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ സ്പോർട്സ് ഹോസ്റ്റലുകളിലേക്ക് മികച്ച കായിക താരങ്ങളെ തിരഞ്ഞെടുക്കുന്നതിലേക്ക് ജില്ലാ സ്പോർട്സ് കൗൺസിൽ മുഖേന ജില്ലാതല സെലക്ഷൻ നടത്തുകയും അതിൽ നിന്നും തിരഞ്ഞെടുക്കുന്ന കായികതാരങ്ങളെ സോണൽ സെലക്ഷനിൽ പങ്കെടുപ്പിച്ച് ആയതിൽ നിന്നും മികച്ച കായിക താരങ്ങളെ തിരഞ്ഞെടുത്ത് പരിശീലനം നൽകുക. |

<table>
<tr>
<td></td>
<td></td>
<td></td>
<td>4) കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ കായിക ഇനങ്ങളിൽ പ്രവർത്തിച്ചു വരുന്ന ഡേ ബോർഡിംഗ് സെന്ററുകൾ, സ്പോർട്സ് ട്രെയിനിംഗ് സെന്ററുകൾ എന്നിവയ്ക്ക് പരിശീലനത്തിന് ആവശ്യമായ തുകകൾ നൽകുക.<br><br>5) അവശത അനുഭവിയ്ക്കുന്ന മുൻകാല കായിക താരങ്ങളെ സഹായിക്കുന്ന പദ്ധതി പ്രകാരം അവശ കായികതാര പെൻഷൻ/ഫാമിലി പെൻഷൻ നൽകുക.<br><br>6) ദേശീയ മത്സരത്തിൽ പങ്കെടുത്ത് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന സംസ്ഥാന കായികതാരങ്ങൾക്ക് (സബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങൾക്ക്) ക്യാഷ് അവാർഡ് നൽകുക.<br><br>7) സംസ്ഥാന സർക്കാർ വർഷം തോറും നടപ്പിലാക്കുന്ന സ്പോർട്സ് ക്വാട്ടാ നിയമനത്തിനുള്ള അർഹരായ കായികതാരങ്ങളുടെ സർട്ടിഫിക്കറ്റ് പരിശോധിച്ച് നൽകുക.<br><br>8) ജി.വി.രാജ അവാർഡിന് പുറമെ ഒളിമ്പ്യൻ സുരേഷ് ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, മികച്ച കായിക പരിശീലകൻ, മികച്ച കായികാദ്ധ്യാപകൻ (സ്കൂൾ, കോളേജ് തലം), മികച്ച കായിക നേട്ടം കൈവരിച്ച കോളേജ്/സ്കൂൾ, മികച്ച സ്പോർട്സ് ഹോസ്റ്റൽ/ സ്കൂൾ/ കോളേജ്, മാധ്യമ അവാർഡുകൾ എന്നിവ നൽകുക.<br><br>9) പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിൽ റാങ്ക് ലിസ്റ്റിൽ ഇടം നേടാൻ സാധ്യതയുള്ള കായികതാരങ്ങളുടെ സർട്ടിഫിക്കറ്റുകൾ (കേരള സ്റ്റേറ്റ് സ്പോർട്സ് കൺസിൽ അംഗീകരിച്ച കായിക ഇനങ്ങളിൽ പി.എസ്.സി.-യിൽ നിന്നും ഗ്രേസ് മാർക്ക് ലഭിക്കുന്നതിന് അർഹതയുള്ളവ) കൗൺസിലിൽ നിന്നും കൗണ്ടർ സൈൻ ചെയ്ത് നൽകുക.<br><br>10) 2000 -ലെ കേരള സ്പോർട്സ് ആക്ടിൽ പറഞ്ഞതിൻ പ്രകാരം മറ്റ് ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുക.</td>
</tr>
<tr>
<td>(ബി)</td>
<td>സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള കോളേജ് സ്പോർട്സ് ഹോസ്റ്റലുകളിൽ ഫുഡ് അലവൻസ് ഇനത്തിൽ നൽകേണ്ട തുക കുടിശികയായതുമൂലം പ്രസ്തുത ഹോസ്റ്റലുകളുടെ പ്രവർത്തനം പ്രതിസന്ധിയിലായ സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;</td>
<td>(ബി)</td>
<td>ഉണ്ട്.<br><br>പ്രസ്തുത വിഷയം അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br><br>2024-25 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികളുടെ Boarding and Lodging ചെലവുകൾക്കായി ചുവടെ നൽകിയ പട്ടിക പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.<br><br>
<table>
<tr><th>sl. no.</th><th>സ്കീം</th><th>ഭരണാനുമതി നൽകിയത്</th><th>അനുവദിച്ച തുക</th></tr>
<tr><td>1.</td><td>Boarding and Lodging</td><td>15,00,00,000/-</td><td>12,09,09,708/</td></tr>
</table>
</td>
</tr>
</table>

| | | | |
|---|---|---|---|
| (സി) | സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | കേരളത്തിന്റെ കായിക മേഖലയുടെ ഉന്നമനത്തിനായി സ്പോർട്സ് കൗൺസിലിന്റെയും സ്പോർട്സ് ഡയറക്ടറേറ്റിന്റെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കീഴിലുള്ള കായിക മൈതാനങ്ങൾ പുതിയത് നിർമിക്കുന്നതിനും നിലവിലുള്ളതിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനോടൊപ്പം ഗ്രാമീണ മേഖലയിൽ നിന്ന് കായിക പ്രതിഭകളെ കണ്ടെത്തി അടിസ്ഥാന പരിശീലനം നൽകി മികച്ച കായിക താരങ്ങളാക്കി മാറ്റുന്നതിനും തിരഞ്ഞെടുക്കപ്പെടുന്നവരെ മികച്ച കായിക പരിശീലന സൗകര്യമുള്ള സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള വിവിധ സ്കൂൾ/കോളേജ് സ്പോർട്സ് അക്കാദമികളിൽ എത്തിച്ച് ആധുനിക രീതിയിലുള്ള പരിശീലനം നൽകുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും ഉയർന്ന പ്രകടന മികവ് കൈവരിക്കുന്നതിനും വേണ്ടി ഉയർന്ന നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിന് എലൈറ്റ് സ്കീം കൂടുതൽ വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു.<br><br>സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിച്ച കായിക താരങ്ങളുടെ സേവനം സ്പോർട്സ് കൗൺസിലും ജില്ലാ സ്പോർട്സ് കൗൺസിലുകളും മുഖാന്തരം കായിക മേഖലയ്ക്ക് പ്രയോജനകരമാകുന്ന വിധത്തിൽ പരിശീലന രംഗത്തും ഭരണപരമായ വിഷയങ്ങളിലും ഉപയോഗപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>ദേശീയ/അന്തർദേശീയ മത്സരങ്ങളിൽ മികവ് തെളിയിച്ചിട്ടുള്ള കായിക താരങ്ങൾക്ക് ജോലി സാധ്യത ഉറപ്പ് വരുത്തുന്നതിനും സാമ്പത്തിക സഹായം അനുവദിക്കുന്നതിനുമായി നടപടി സ്വീകരിച്ച് വരുന്നു.<br><br>കേരളത്തിലുള്ള യൂണിവേഴ്സിറ്റികളുടെ നിയന്ത്രണത്തിൽ വരുന്ന എല്ലാ കോളേജുകളെയും ഉൾപ്പെടുത്തി കൊണ്ട് സജീവമായ എല്ലാ കായികയിനങ്ങളിലും കോളേജ് ലീഗ് മത്സരം സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. അതിലേക്കായി എല്ലാ കോളേജുകളിലും കോളേജ് സ്പോർട്സ് കൗൺസിൽ (സ്പോർട്സ് ക്ലബ് മോഡൽ) രൂപീകരിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്ത് നടക്കുന്ന ജില്ലാതല, സംസ്ഥാനതല മത്സരങ്ങൾക്ക് നൽകുന്ന സർട്ടിഫിക്കറ്റുകളുടെ ആധികാരികതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിന് ഇ-സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ